# പതിനാലാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6632 21.11.2019-ൽ മറുപടിയ്ക്ക്**

**മത്സ്യതൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനം, മാനവശേഷി വികസനം പദ്ധതി**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യതൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ; | എ) മത്സ്യതൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) തിരുവനന്തപുരത്ത് കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് മേൽ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രയോജനം എത്ര മത്സ്യതൊഴിലാളികൾക്ക് ലഭ്യമാകും; | ബി) തിരുവനന്തപുരത്ത് കാരോട് വില്ലേജിൽ നിർമ്മിക്കുന്ന ഫ്ളാറ്റ് സമുച്ചയത്തിൽ 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ കഴിയും. |
| സി) തിരുവനന്തപുരത്തിന് പുറമെ ഏതെല്ലാം ജില്ലകളിലാണ് മത്സ്യതൊഴിലാളികൾക്ക് ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; | സി) തിരുവനന്തപുരത്തിന് പുറമെ കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പ് എന്നിവിടങ്ങളിലാണ് ഫ്ളാറ്റ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിലൂടെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാകും. ഇതിനായി 78.20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) ഇത്തരം ഫ്ലാറ്റുകൾ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | ഡി) നിലവിൽ അംഗീകാരം നൽകിയ എല്ലാ ഫ്ളാറ്റുകളും കോൺക്രീറ്റ് സ്ട്രക്ച്ചറുകളാണ്. ഫ്ളാറ്റുകൾ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസവും മാനവശേഷി വികസനവും എന്നതിൽ ഉൾപ്പെടുത്തി തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി, ആരോഗ്യ സൗകര്യങ്ങൾ, ലൈബ്രറി, ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും വിദ്യാഭ്യാസ / കോച്ചിംഗ് പരിപാടികൾ, സാമൂഹിക ഏകോപന പരിപാടികൾ, ഇതര ഉപജീവന അവസരങ്ങൾ, മത്സ്യഫെഡ് മുഖേനയുള്ള വായ്പാ സഹായം, സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ തുടങ്ങിയ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്നു. വിശാദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.
2. തീരദേശത്തെ ആരോഗ്യകേന്ദ്രങ്ങളുടെ സൗകര്യ വർദ്ധനവിനായുള്ള പദ്ധതികൾ.
3. അക്ഷര സാഗരം പദ്ധതി.
4. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി ഭവന നിർമ്മാണത്തിനുള്ള പദ്ധതി.
5. വേലിയേറ്റ മേഖലയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി.
6. **വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പദ്ധതി.**
7. മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി.
8. തീരദേശ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്റൂം.
9. തീരദേശ വിദ്യാലയങ്ങളിൽ അടുക്കള ഷെഡ്.
10. തീരദേശത്ത് സ്പോർട്സ് പ്രോത്സാഹനത്തിനായി ഗ്രൗണ്ട് നിർമ്മാണം.
11. മേഖലാ ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.
12. മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി വനിതകൾക്കും പലിശ രഹിത വായ്പാ പദ്ധതി.
13. മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം സഹായ സംഘങ്ങൾ വഴി മൈക്രോ എന്റർപ്രൈസ് ആരംഭിക്കുന്നതിന് ധനസഹായം.
14. സാഫ് മുഖേന നടപ്പാക്കുന്ന തീരനൈപുണ്യ പദ്ധതി.
15. മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് പഠിപ്പിക്കുന്ന പദ്ധതി.
16. തീരദേശ വിദ്യാലയങ്ങളിൽ സ്പോർട്സ് സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി.
17. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം.
18. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവീസ്, മെഡിക്കൽ എൻട്രൻസ്, ബാങ്ക് ടെസ്റ്റ്, പി.എസ്.സി. പരിശീലനം നൽകുന്ന വിദ്യാതീരം പദ്ധതി.
19. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കരിയർ ഗൈഡ്ലൈൻസ്.
20. മത്സ്യത്തൊഴിലാളികൾക്ക് ബോധവത്ക്കരണ പരിപാടി.

21. മത്സ്യത്തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പ്.

22. മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള ജൻഡർ സമത്വ പദ്ധതികൾ.

23. മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതികൾ.

24. മത്സ്യഫെഡ് മുഖേനയുള്ള വായ്പാ സഹായ പദ്ധതി

**തീരദേശ വികസന കോർപ്പറേഷൻ മുഖേന അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ**

**(2015-16 സാമ്പത്തിക വർഷം)**

| ക്രമ നം | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | സി.എച്ച്.സി. പുത്തൻതോപ്പ് - പുതിയ കെട്ടിട നിർമ്മാണം, തിരുവനന്തപുരം | 366.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | പബ്ലിക് ഹെൽത്ത് സെന്റർ, തയ്യിൽ - പുതിയ കെട്ടിട നിർമ്മാണം, കണ്ണൂർ | 93.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | സബ് സെന്റർ, എളങ്കുന്നപ്പുഴ - പുതിയ കെട്ടിട നിർമ്മാണം, എറണാകുളം | 30.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | പബ്ലിക് ടോയ്‌ലറ്റ്, തയ്യിൽ - പുതിയ കെട്ടിട നിർമ്മാണം, കണ്ണൂർ | 9.00 | പദ്ധതി പൂർത്തീകരിച്ചു |
| 5 | കനാൽ പുനരുദ്ധാരണം, ചെമ്പ്, കോട്ടയം | 65.00 | പദ്ധതി പൂർത്തീകരിച്ചു |
| 6 | ജി.എൽ.പി.എസ്., പാരത്തുരുത്ത് - പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കൊല്ലം | 153.00 | പദ്ധതി പൂർത്തീകരിച്ചു |
| 7 | ജി.എൽ.പി.എസ്., നല്ലാണിക്കൽ - പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 81.00 | പദ്ധതി പൂർത്തീകരിച്ചു |
| 8 | ഗവൺമെന്റ് മാപ്പിള ഹയർ സെക്കന്ററി സ്കൂൾ, കൊയിലാണ്ടി - പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കോഴിക്കോട് | 375.00 | പദ്ധതി പൂർത്തീകരിച്ചു |
| 9 | ജി.എൽ.പി.എസ്., പരപ്പനങ്ങാടി - പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം, മലപ്പുറം | 135.00 | പദ്ധതി പൂർത്തീകരിച്ചു |
| 10 | ജി.എച്ച്.എസ്.എസ്., പാലപ്പെട്ടി - പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം, മലപ്പുറം | 166.0 | പദ്ധതി പൂർത്തീകരിച്ചു |
| 11 | അംഗൻവാടി, ഉല്ലാല - പുതിയ കെട്ടിട നിർമ്മാണം, കോട്ടയം | 20.00 | പദ്ധതി പൂർത്തീകരിച്ചു |
| 12 | അംഗൻവാടി, വാടാനപ്പള്ളി - പുതിയ കെട്ടിട നിർമ്മാണം, തൃശ്ശൂർ | 30.00 | പദ്ധതി പൂർത്തീകരിച്ചു |
| 13 | അംഗൻവാടി, തലശ്ശേരി - പുതിയ കെട്ടിട നിർമ്മാണം, കണ്ണൂർ | 22.00 | പദ്ധതി പൂർത്തീകരിച്ചു |
| 14 | അംഗൻവാടി, കസബ- പുതിയ കെട്ടിട നിർമ്മാണം, കാസർഗോഡ് | 23.00 | പദ്ധതി പൂർത്തീകരിച്ചു |
| 15 | കോമൺ യൂട്ടിലിറ്റി സെന്റർ, കണ്ണമാലി - പുതിയ കെട്ടിട നിർമ്മാണം, എറണാകുളം | 29.50 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 16 | ലൈവ്‌ലിഹുഡ് സപ്പോർട്ട് സെന്റർ, കുമ്പളം, എറണാകുളം | 133.00 | പദ്ധതി പുരോഗമിക്കുന്നു |

## 2016-17 സാമ്പത്തിക വർഷം

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ചമ്പാവ് കോളനി കടക്കാവൂർ - ഡ്രെയിനേജ് നിർമ്മാണം, തിരുവനന്തപുരം | 55.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.എച്ച്.എസ്.എസ്. പുത്തൻതോട്, ചെല്ലാനം - ക്ലാസ്സ് റൂം, ഗ്രൗണ്ട് നിർമ്മാണം എറണാകുളം | 120.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ജി.യു.പി.എസ്. ചീരാൻ കടപ്പുറം - അക്കാദമിക് ബ്ലോക്ക് നിർമ്മാണം മലപ്പുറം | 167.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ജി.വി.എച്ച്.എസ്.എസ്. മടപ്പള്ളി - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കോഴിക്കോട് | 250.00 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്. വലിയതുറ - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, തിരുവനന്തപുരം | 466.00 | പദ്ധതി പൂർത്തീകരിച്ചു |
| 6 | ജി.എച്ച്.എസ്.എസ്. വലിയഴീക്കൽ - ടോയ്‌ലറ്റ് നിർമ്മാണം, ആലപ്പുഴ | 25.00 | പദ്ധതി പൂർത്തീകരിച്ചു |
| 7 | അടുക്കള നവീകരണം, തീരദേശ ജില്ലകളിലെ തിരഞ്ഞെടുത്ത 20 സ്കൂളുകളിൽ | 200.00 | പദ്ധതി പൂർത്തീകരിച്ചു |
| 8 | സ്മാർട് ക്ലാസ്സ് റൂം, തീരദേശ ജില്ലകളിലെ തിരഞ്ഞെടുത്ത 29 സ്കൂളുകളിൽ | 280.00 | പദ്ധതി പൂർത്തീകരിച്ചു |
| 9 | തീരദേശത്തെ 50 സ്കൂളുകളിൽ കായിക ഉപകരണ വിതരണവും ഗ്രൗണ്ട് നവീകരണവും | 250.00 | പദ്ധതി പുരോഗമിക്കുന്നു |
| 10 | ജി.ആർ.എഫ്.ടി.എച്ച്.എസ്. അഴീക്കൽ - അക്കാഡമിക് ബ്ലോക്ക്, ആഡിറ്റോറിയം നിർമ്മാണം, കണ്ണൂർ | 217.00 | പദ്ധതി പൂർത്തീകരിച്ചു |
| 11 | ജി.എഫ്.എച്ച്.എസ്.എസ്. പുതിയാപ്പ - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കോഴിക്കോട് | 203.00 | പദ്ധതി പുരോഗമിക്കുന്നു |
| 12 | ജി.എം.യു.പി.എസ്. പുതിയങ്ങാടി, - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കണ്ണൂർ | 121.00 | പദ്ധതി പുരോഗമിക്കുന്നു |
| 13 | ജി.വി.എച്ച്.എസ്.എസ്. കടമക്കുടി - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, എറണാകുളം | 435.00 | പദ്ധതി പൂർത്തീകരിച്ചു |
| 14 | ജി.യു.പി.എസ്. അടുക്കത്ത് ബയൽ, കസബ - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കാസർഗോഡ് | 149.00 | പദ്ധതി പുരോഗമിക്കുന്നു |
| 15 | കുര്യാടി സബ്സെന്റർ നിർമ്മാണം, കോഴിക്കോട് | 56.00 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 16 | മാട്ടൂൽ സബ്സെന്റർ നിർമ്മാണം, കണ്ണൂർ | 33.00 | പദ്ധതി പൂർത്തീകരിച്ചു |
| 17 | ഇരപുരം സബ്സെന്റർ നിർമ്മാണം, ചോറോട്, കോഴിക്കോട് | 53.00 | പദ്ധതി പൂർത്തീകരിച്ചു |
| 18 | പി.എച്ച്.സി., ആറാട്ടുപുഴ, ലബോറട്ടറി, ഫാർമസി നിർമ്മാണം, ആലപ്പുഴ | 30.50 | പദ്ധതി പൂർത്തീകരിച്ചു |

**2017-18 സാമ്പത്തിക വർഷം**

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | അഴീക്കോട് ആയുർവേദ ആശുപത്രി - പുതിയ കെട്ടിടം, തൃശ്ശൂർ | 83.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | വലപ്പാട് ആയുർവേദ ആശുപത്രി - പുതിയ കെട്ടിടം, തൃശ്ശൂർ | 151.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | വർക്കല താലൂക്ക് ആശുപത്രി - പാലിയേറ്റീവ് ബ്ലോക്ക് നിർമ്മാണം, തിരുവനന്തപുരം | 138.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ആയുർവേദ ആശുപത്രി വികസനം, കടയ്ക്കാവൂർ, തിരുവനന്തപുരം | 159.00 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം - കാഞ്ഞങ്ങാട്, തേവര, താനൂർ | 104.25 | പദ്ധതി പുരോഗമിക്കുന്നു |
| 6 | രാമൻതളി പി.എച്ച്.സി. കെട്ടിട നിർമ്മാണം, കണ്ണൂർ | 61.00 | പദ്ധതി പൂർത്തീകരിച്ചു |
| 7 | പയ്യോളി പി.എച്ച്.സി. - കെട്ടിട നിർമ്മാണം, കോഴിക്കോട് | 141.00 | പദ്ധതി പൂർത്തീകരിച്ചു |
| 8 | കൊല്ലം ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണം | 400.00 | പദ്ധതി പുരോഗമിക്കുന്നു |
| 9 | നെടുമ്പന സി.എച്ച്.സി., കെട്ടിട നിർമ്മാണം, കൊല്ലം | 410.00 | പദ്ധതി പുരോഗമിക്കുന്നു |
| 10 | വി.കെ.പി. മെമ്മോറിയൽ പടന്ന, കെട്ടിട നിർമ്മാണം, കാസർഗോഡ് | 194.00 | പദ്ധതി പുരോഗമിക്കുന്നു |
| 11 | പള്ളിക്കര പി.എച്ച്.സി., കെട്ടിട നിർമ്മാണം, കാസർഗോഡ് | 187.00 | പദ്ധതി പുരോഗമിക്കുന്നു |
| 12 | കല്ലൂർ സബ്സെന്റർ കെട്ടിട നിർമ്മാണം, ആലപ്പുഴ | 198.00 | പദ്ധതി പുരോഗമിക്കുന്നു |
| 13 | കുണ്ടറ താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം, കൊല്ലം | 300.00 | പദ്ധതി ആരംഭിക്കേണ്ടതുണ്ട്. |

**2018-19 സാമ്പത്തിക വർഷം**

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| എ | **വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം** | | |
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്., വലിയതുറ -സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 476.00 | പദ്ധതി ആരംഭഘട്ടത്തിൽ |

| | | | |
|---|---|---|---|
| 2 | ജി.ആർ.എഫ്.ടി.എച്ച്.എസ്., താനൂർ - സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 1002.00 | പദ്ധതി പുരോഗമിക്കുന്നു |
| 3 | ജി.ആർ.എഫ്.ടി.എച്ച്.എസ്., ബേപ്പൂർ - സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 435.00 | പദ്ധതി പുരോഗമിക്കുന്നു |
| 4 | ജി.ആർ.എഫ്.ടി.എച്ച്.എസ്., അഴീക്കൽ - സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 558.00 | പദ്ധതി പുരോഗമിക്കുന്നു |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്, കരുനാഗപ്പള്ളി - മെയിന്റനൻസ് | 44.00 | പദ്ധതി പുരോഗമിക്കുന്നു |
| **ബി** | **ഫ്ളാറ്റ് സമുച്ചയ നിർമ്മാണം** | | |
| 1 | തിരുവനന്തപുരം ജില്ലയിലെ കാരോട് 128 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം | വ്യക്തിഗത ഫ്ളാറ്റ് ഒന്നിന് 10 ലക്ഷം രൂപ | പദ്ധതി പുരോഗമിക്കുന്നു |
| 2 | ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം | | പദ്ധതി ആരംഭിക്കേണ്ടതുണ്ട്. |
| 3 | കണ്ണൂർ ജില്ലയിലെ ഉപ്പാലവളപ്പിൽ 18 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം | | പദ്ധതി പുരോഗമിക്കുന്നു |
| 4 | കൊല്ലം ജില്ലയിലെ ക്യു.എസ്.എസ്. കോളനി ഫ്ളാറ്റ് നിർമ്മാണം | | നിലവിലുള്ള കെട്ടിടം പൊളിച്ചു നീക്കുന്നത് പുരോഗമിക്കുന്നു |

**സെക്ഷൻ ആഫീസർ**